ചെറുകിട വ്യവസായങ്ങളെ വിൽപ്പനനികുതിയിൽ നിന്നും ഒഴിവാക്കൽ

* 106. [290] ശ്രീ. പി. വി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട വ്യാവസായികോൽപ്പന്നങ്ങളെ വിൽപ്പനനികുതിയിൽ നിന്നും ഒഴിവാക്കുന്നതിനെപ്പറ്റി പരിഗണിക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ ;

(ബി) മൈസൂർ, ഒറീസ്സാ, യു. പി. തുടങ്ങിയ സംസ്ഥാനങ്ങളിൽ ചെറുകിട വ്യവസായികൾക്ക് ഇങ്ങനെയൊക്കെ സൗജന്യം നിലവിലുള്ളത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) നിർദ്ദേശം പരിശോധിച്ചുവരികയാണ്.
(ബി) ഉണ്ട്.

ടൂറിസ്റ്റ് ഹൗസുകൾ

* 107. [291] ശ്രീ. കെ. സി. വാമദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിനു വെളിയിൽ കേരള ഗവണ്മെന്റു വകയായുള്ള ടൂറിസ്റ്റ് ഹൗസുകൾ ഏതെല്ലാം ;

(ബി) ന്യൂഡൽഹിയിലുള്ള ട്രാവൻകൂർ ഹൗസും, ബനാറസിലുള്ള കെട്ടിടവും എന്തിനായി ഉപയോഗപ്പെടുത്തുന്നു ;

(സി) സംസ്ഥാന ഗവണ്മെന്റു വക ഏതെങ്കിലും കെട്ടിടങ്ങൾ അന്യ കൈവശമായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ തിരിച്ചു കൈവശപ്പെടുത്തുവാൻ എന്തു നടപടി സ്വീകരിച്ചു ?

പൊതുമരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ):

(എ) കന്യാകുമാരിയിലെ കേരള ഗസ്റ്റ്ഹൗസ്, കുറാലത്തുള്ള സ്കോർപീയൻഹാളും, ട്രാവൻകൂർ ഹൗസും, ന്യൂഡൽഹിയിലെ കേരള ഹൗസ് എന്നിവയാണ്.

(ബി) ന്യൂഡെൽഹിയിലുള്ള ട്രാവൻകൂർ ഹൗസ് കേന്ദ്രഗവണ്മെന്റിന്റെ ആവശ്യത്തിനു താൽക്കാലികമായി വിട്ടുകൊടുത്തിരിക്കുന്നു. ബനാറസിലുള്ള കെട്ടിടം വലിയ ഉപയോഗമൊന്നും ഇല്ലാതെ കിടക്കുകയാണ്.

(സി) കേന്ദ്രഗവണ്മെന്റിന്റെ ആവശ്യത്തിനു വിട്ടുകൊടുത്തതൊഴിച്ചാൽ അന്യകൈവശമായിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

റോഡുകളുടെ മെയിൻറനൻസ്

* 108. [295] ശ്രീ. കെ. എ. ശിവരാമഭാരതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഇക്കൊല്ലത്തിൽ റോഡുകളുടെ മെയിൻറനൻസിനുവേണ്ടി നീക്കിവച്ചിട്ടുള്ള സംഖ്യ എത്ര ; ഓരോ ജില്ലയിൽ എത്ര വീതം ;

LIBRARY ARCHIVES Kerala Legislative Assembly